കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതി - ആദ്യ വാർഷിക പദ്ധതി (2017-2018) - ശ്രവണ സംസാര വൈകല്യമുള്ളവർക്ക് ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപ്ടോപ്പ്, സ്കാനർ, പ്രിന്റർ എന്നിവ വാങ്ങി നൽകുന്നത് - സബ്സിഡി മാർഗ്ഗരേഖ കൂടുതൽ ഉൾപ്പെടുത്തലുകൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 2782/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 11.08.2017

---

വായന:- 1) സ.ഉ(എം.എസ്)നം.80/2017/തസ്വഭവ തീയതി 03.04.2017

2) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 05. 06. 2017 ലെ HRMP/11751/2016 നമ്പർ ഉത്തരവ്

3) തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 19.06.17 ലെ J2/ICDS/TV3/90/16 നമ്പർ കത്ത്

4) 27.07.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പ്രത്യേക വിഷയ തീരുമാനം നമ്പർ 3.18

**ഉത്തരവ്**

100% വൈകല്യമുള്ള കംപ്യൂട്ടർ എഞ്ചിനീയറിംഗ് ഡിപ്ളോമ യോഗ്യതയുള്ളയാൾക്ക് തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും ലാപ്ടോപ്പും സ്കാനറും പ്രന്ററും ലഭ്യമാക്കണമെന്നുള്ള പരാതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , മുകളിൽ രണ്ടാമതായി വായിച്ച ഉത്തരവ് പ്രകാരം, ശ്രവണ സംസാര വൈകല്യമുള്ളവർക്ക് ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപ്ടോപ്പും സ്കാനറും പ്രന്ററും വാങ്ങി നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തിരുവനന്തപുരം നഗരസഭ സെക്രട്ടറിക്ക് നല്കുകയുണ്ടായി. . നിലവിലെ മാർഗ്ഗരേഖ പ്രകാരം ശ്രവണ സംസാര വൈകല്യമുള്ളവർക്ക് ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപ്ടോപ്പ് വാങ്ങി നൽകുന്നതിന് നിർദ്ദേശമില്ലായെന്നും ഇത്തരത്തിലുള്ളവർക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിന് തിരുവനന്തപുരം നഗരസഭ പദ്ധതി തയ്യാറാക്കിയിട്ടില്ലെന്നും നഗരസഭ പരിധിയിൽ ശ്രവണ സംസാര വൈകല്യമുള്ള നിർദ്ധനരായ ധാരാളം പേർ താമസമുള്ളതിനാൽ ഇവർക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ പദ്ധതി മാർഗ്ഗരേഖയിൽ മാറ്റം വരുത്തണമെന്നും മുകളിൽ മൂന്നാമതായി വായിച്ച കത്ത് പ്രകാരം തിരുവനന്തപുരം നഗരസഭ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) 27.07.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഇക്കാര്യം പരിശോധിച്ചു. ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശ്രവണ സംസാര വൈകല്യമുള്ളവർക്ക് ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപ്ടോപ്പ്, സ്കാനർ, പ്രിന്റർ എന്നിവ വാങ്ങി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) മുകളിൽ ഒന്നാമതായി വായിച്ച ഉത്തരവ് മേൽ ഭേദഗതി യോടെ നിലനില്ക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ത.സ്വ.ഭ.ചീഫ് എഞ്ചിനീയർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും - ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
രജിസ്ട്രാർ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ